


# മനുഷ്യബന്ധങ്ങളുടെ വില

ലേവ്യ 23:33 – 44; ഏശയ്യാ 28:14 – 22; 2 കൊറി 12:14 – 21; ലൂക്കാ 16:19 – 31

ബ്ര. നിധിൻ മറ്റത്തിൽ MCBS

Vol. 12, Issue: 9

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ച അനേകം വിശുദ്ധാത്മാക്കളാൽ ഫലം ചൂടിനിൽക്കുന്ന തിരുസഭയെ അനുസ്മരിക്കുകയും ദൈവ-മനുഷ്യബന്ധങ്ങളിൽ ആഴപ്പെട്ടുകൊണ്ട് വിശ്വാസത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന കൈത്താക്കാലത്തിലെ അഞ്ചാമത്തെ ആഴ്ചയിലേക്ക് നാമിന്ന് പ്രവേശിക്കുമ്പോൾ വി. ലൂക്കായുടെ സുവിശേഷം 16-ാം അദ്ധ്യായം 19 മുതൽ 31 വരെയുള്ള വാക്യങ്ങളാണ് വചനവിചിന്തനത്തിനായി നമുക്കിന്ന് ലഭിച്ചിരിക്കുന്നത്. ധനവാന്റെയും ലാസറിന്റെയും ഉപമ.

ഒരു വശത്ത് ഒരു കുരുന്നുജീവൻ രക്ഷിക്കാൻ വേണ്ടി 18 കോടി സമ്പാദിക്കുമ്പോൾ മറുവശത്ത് 18 ആഴ്ച പോലും പ്രായമില്ലാത്ത കുഞ്ഞുജീവന് യാതൊരു വിലയും കൽപിക്കാതെ കുറ്റിക്കാട്ടിൽ ഉപേക്ഷിച്ച് കൊന്നുകളഞ്ഞ സംഭവം വരെ നടക്കുന്ന ഈ നാട്ടിൽ മനുഷ്യജീവനും മനുഷ്യബന്ധങ്ങൾക്കുമുണ്ടായിരിക്കേണ്ട വിലയെയും ദൃഢതയെയും ചൂണ്ടിക്കാട്ടുകയാണ് ധനവാന്റെയും ലാസറിന്റെയും ഉപമ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കില്ല എന്നു പറയുന്നതുതന്നെ സഹോദരങ്ങളോടുള്ള ബന്ധത്തിന് ദൈവസന്നിധിയിൽ എത്രമാത്രം വിലയുണ്ടെന്ന് കാണിക്കുന്നു. ലാസർ എന്ന പേര് എലിയേസർ എന്ന ഹീബ്രു നാമത്തിൽ നിന്ന് എടുത്തിരിക്കുന്നതാണ്. ലാസർ എന്ന പേരിന്റെ അർത്ഥം 'ദൈവം സഹായിക്കുന്നു' എന്നാണ്. ദരിദ്രനായ ലാസറിന് ഈ സുവിശേഷഭാഗത്ത് പേര് ലഭിച്ചപ്പോൾ പേര് ലഭിക്കാതെപോയ ഹതഭാഗ്യനാണ് ധനവാൻ. ലാസറിന്റെ ജീവന് വില കൽപിക്കാത്ത ധനവാൻ ദൈവസന്നിധിയിൽ തിരസ്കൃതനായി. കാരണം, 'ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്.' മനുഷ്യബന്ധങ്ങൾക്ക് വില കൽപിക്കാത്ത പഴയനിയമത്തിലെ കായേനും പുതിയനിയമത്തിലെ ധനവാനും ഒരേ ദിശയിൽ യാത്ര ചെയ്യുന്നവരാണ്. ദൈവത്തെയും മാമോനെയും ഒരുപോലെ സേവിക്കാൻ സാധിക്കില്ല എന്നു പറയുന്ന വചനത്തിന് ധനവാൻ ഉത്തമോദാഹരണമാണ്.

തിരുസഭ നമ്മെ പഠിപ്പിക്കുന്ന പതിനാല് കാരുണ്യപ്രവർത്തകൾ നമുക്കെല്ലാവർക്കും പരിചിതമാണ്. പതിനാല് കാരുണ്യപ്രവർത്തികളെ സഭ

രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഏഴ് ശാരീരിക കാരുണ്യപ്രവർത്തികളും ഏഴ് ആദ്ധ്യാത്മിക കാരുണ്യപ്രവർത്തികളും. ധനവാന്റെയും ലാസറിന്റെയും ഉപമയെ ശാരീരിക കാരുണ്യപ്രവർത്തികളായി ബന്ധപ്പെടുത്താം. ഒന്നാമത്തെയും രണ്ടാമത്തെയും ശാരീരിക കാരുണ്യപ്രവർത്തികൾ വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നതും ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നതുമാണ്. ഈ ഉപമയിൽ, സമൃദ്ധിയിൽ കഴിയുന്ന ധനവാൻ, ലാസറിന് ഒന്നും തന്നെ ഭക്ഷണമായി കൊടുക്കുന്നില്ല. ധനവാൻ തീൻമേശയിൽ ഉപേക്ഷിച്ചുപോയ റൊട്ടി പോലും ലാസറിന് ലഭിച്ചിരുന്നില്ല. ലൂക്കാ സുവിശേഷത്തിൽ തന്നെ വിശന്നു മരിക്കാറായ ധൂർത്തപുത്രനെ വരവേറ്റ് ഒരു സദ്യ തന്നെ വിളമ്പുന്ന പിതാവിന്റെ സ്നേഹത്തെ സൂചിപ്പിക്കുന്ന ഭാഗം അടങ്ങിയിരിക്കുന്നു എന്നത് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഇവിടെയാണ് ധനവാൻ ആദ്യമായി ജീവിതത്തിൽ തോറ്റുപോകുന്നത്. മറ്റുള്ളവരുടെ ജീവിതത്തിൽ അപ്പമായിത്തീരുവാനുള്ള അവസരമാണ് ധനവാൻ നഷ്ടമാക്കിയത്.

ശാരീരിക കാരുണ്യപ്രവർത്തികളിലെ മൂന്നും നാലും കാരുണ്യപ്രവർത്തികളാണ് വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നതും പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നതും. വ്രണബാധിതനായ ലാസറിന്റെ വ്രണങ്ങൾ നായ നക്കുന്ന സന്ദർഭം ഉണ്ടായിട്ടുപോലും ആ മുറിവുകളെ മരുന്നുപയോഗിച്ച് കെട്ടിവയ്ക്കാനോ തന്റെ ഭവനത്തിൽ കയറ്റി പരിചരിക്കാനോ ധനവാൻ തയ്യാറാകുന്നില്ല. ലൂക്കാ സുവിശേഷത്തിൽ തന്നെ വഴിയിൽ മുറിവേറ്റു കിടക്കുന്ന അപരിചിതന്റെ മുറിവ് വച്ചുകെട്ടി സത്രത്തിൽ കൊണ്ടുചെന്ന് പരിചരിക്കുന്ന നല്ല സമരിയാക്കാരന്റെ ഉപമയും അടങ്ങിയിരിക്കുന്നു. നിയമാവർത്തന പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്: ''നിന്റെ ദരിദ്രസഹോദരനു വേണ്ടി കൈയ്യയ്ക്കാൻ നീ മടിക്കരുത്. അല്ലെങ്കിൽ അത് നിനക്ക് പാപമായിത്തീരും.'' ബെനഡിക്ട് പതിനാറാമൻ പാപ്പാ പറയുന്നത് ഇപ്രകാരമാണ്: ''മറ്റുള്ളവരുടെ ആവശ്യങ്ങളിലും സഹനങ്ങളിലും ആഴത്തിൽ പങ്കുപറ്റുമ്പോൾ അത് എന്നെത്തന്നെ പങ്കുവയ്ക്കലായി മാറുന്നു.'' ''ദരിദ്രനെ സഹായിക്കുന്നത് ഔദാര്യമല്ല; കടമയാണ്'' എന്ന് വി. ബേസിൽ പറയുന്നുണ്ട്. ഈ കടമ നിർവ്വഹിക്കാൻ ധനവാനു സാധിക്കുന്നില്ല. അതുകൊണ്ടു തന്നെ ധനവാൻ ദൈവസന്നിധിയിൽ തിരസ്കൃതനാകുന്നു.

രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്, അവശരെ സഹായിക്കുന്നത്, മരിച്ചവരെ സംസ്കരിക്കുന്നത് എന്നിങ്ങനെയാണ് അഞ്ചും ആറും ഏഴും ശാരീരിക കാരുണ്യപ്രവർത്തികൾ. സ്വന്തം വീട്ടുമുറ്റത്ത് കിടന്ന ലാസറിനെ സ്നേഹസാന്ത്വനങ്ങളോടെ ധനവാൻ സന്ദർശിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നില്ല. രണ്ടാം വായനയിൽ ഏശയ്യാ പ്രവചനത്തിൽ നാം വായിച്ചുകേട്ടു: ''ദൈവം നീതിയെ അളവുചരടും ധർമ്മത്തെ തൂക്കുകട്ടയും ആക്കും'' എന്ന്. തന്റെ മുമ്പിലുള്ള സഹോദരനെ പരിഗണിക്കാതെ എങ്ങനെയാണ് ധനവാനെ നീതിമാനായ ദൈവത്തിന് പരിഗണിക്കാനാവുക? അവശരെയും പാവപ്പെട്ടവരെയും സഹായിച്ചിരുന്ന മദർ തെരേസ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: ''സ്നേഹത്തിനു വേണ്ടിയുള്ള വിശപ്പാണ് ഇന്ന് ഏറ്റവും കൂടുതലായി തെരുവുകൾ അനുഭവിക്കുന്നത്'' എന്ന്. തന്റെ മുമ്പിൽ കിടന്ന ദരിദ്രനും അവശനുമായ ലാസറിനെ സമ്പന്നതയാൽ മഞ്ഞളിച്ച കണ്ണു കൊണ്ട് ഒന്നു കാണാനോ, സഹായിക്കാനോ മരിച്ച സമയത്ത് ഒന്ന് സംസ്കരിക്കുവാൻ പോലും സാധിക്കാത്ത ധനവാൻ ഒരിറ്റു വെള്ളത്തിനായി യാചിക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

നാം ഇന്ന് വായിച്ചുകേട്ട ലേഖനഭാഗത്ത് പൗലോസ് അപ്പസ്തോലൻ പറയുന്നത്: ''നിങ്ങൾക്കു വേണ്ടി ഞാൻ സന്തോഷപൂർവ്വം ചെലവിടും. എന്നെത്തന്നെ സമർപ്പിക്കും'' എന്നാണ്. ലാസറിനു വേണ്ടി സന്തോഷപൂർവ്വം ചെലവഴിച്ചെങ്കിൽ, തന്നെത്തന്നെ സമർപ്പിച്ചിരുന്നെങ്കിൽ ധനവാനും ലാസറും ഒരുപോലെ അബ്രാഹത്തിന്റെ മടിയിൽ കിടക്കുമായിരുന്നു. മനുഷ്യജീവനും ബന്ധങ്ങൾക്കും വില കൽപിക്കാത്ത ഈ ലോകത്തിന്റെ പ്രതീകമായി ധനവാൻ നിൽക്കുന്നു.

പ്രിയ സഹോദരങ്ങളേ, ശത്രുവിനെപ്പോലും സ്നേഹിക്കാൻ പറഞ്ഞുകൊണ്ട് മനുഷ്യബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാനായി സ്വന്ത ശരീര-രക്തങ്ങൾ സ്നേഹത്തിന്റെ വിലയായി നൽകുന്ന ഈ വിശുദ്ധ കുർബാനയിൽ നാം പങ്കുചേരുമ്പോൾ നമ്മളും മറ്റുള്ളവർക്കായി മുറിച്ചു നൽകി നമ്മുടെ സമ്പത്തും കഴിവുകളും മനുഷ്യബന്ധങ്ങളെ വളർത്താൻ ഉതകുന്നതാകട്ടെ എന്ന് ദിവ്യകാരുണ്യനാഥനോട് നമുക്ക് പ്രാർത്ഥിക്കാം.

സർവ്വശക്തനും സ്നേഹനിധിയുമായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.